പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 9

23.01.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50 : 50 എന്ന അനുപാതം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ടുള്ള നിയമനത്തിൽ (സ്ട്രീം I) സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| ബി) കെ. എ. എസ്. ലെ സ്ട്രീം 2, സ്ട്രീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം ബാധകമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ബൈ ട്രാൻസ്ഫർ മുഖേന ജീവനക്കാരിൽ നിന്നും നിയമനം നടത്തുന്ന സ്ട്രീം 2, സ്ട്രീം 3 എന്നീ വിഭാഗങ്ങൾക്ക് സാമുദായിക സംവരണം ബാധകമല്ല. |
| സി) പി. എസ്. സി. നേരിട്ട് നിയമനം നടത്തുന്ന രണ്ടാം ഗസറ്റഡ് തസ്തികയായ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ഓഫീസർ തസ്തികയിൽ ഓപ്പൺ കാറ്റഗറിയിലും ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലും സംവരണ തത്വം പാലിച്ച് നിയമനം നടത്തുന്ന മാതൃക കെ. എ. എസ്. ലും പിന്തുടരാത്തതിൽ ഭരണഘടന ഉറപ്പ് നൽകുന്ന തുല്യതാ അവകാശത്തിന്റെ ലംഘനമുണ്ടോയെന്ന് പരിശോധിക്കുമോ; | സി) ഭരണഘടനാപരമായ കാര്യങ്ങൾ പരിശോധിച്ച ശേഷമാണ് ചട്ടങ്ങൾ രൂപീകരിച്ചത്. |
| ഡി) കെ. എ. എസ്. ലെ സംവരണ മാതൃക എല്ലാ ഡിപ്പാർട്ട്മെന്റ് ക്വാട്ട പി. എസ്. സി. നിയമനങ്ങളിലും പിന്തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യം സംബന്ധിച്ച നയമെന്തെന്ന് വ്യക്തമാക്കുമോ? | ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ